17 (2202) വിജിലൻസ് കേസ്സുകൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; അവ ഏതെല്ലാം;

(ബി) ഇതിൽ എത്രയെണ്ണം ചാർജ്ജ് ചെയ്തിട്ടുണ്ട്; അന്വേഷണത്തിൽ ഇരിക്കുന്നവ എത്ര;

(സി) പത്തനംതിട്ട അബ്കാരി, ഹവാല കേസ്സ് പോലീസിലെ ഏതു വിഭാഗമാണ് അന്വേഷിക്കുന്നത്;

(ഡി) ഈ കേസ്സ് എന്നാണ് രജിസ്റ്റർ ചെയ്തത്;

(ഇ) ഇതിലെ എഫ്.ഐ.ആർ. അനുസരിച്ചുള്ള പ്രതികൾ ആരെല്ലാം;

(എഫ്)ഈ കേസ്സ് ചാർജ്ജ് ചെയ്ത് കോടതിയിൽ സമർപ്പിച്ചുവോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ചാർജ്ജ് ചെയ്ത് കോടതിയിൽ സമർപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) 494 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മുൻ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത കേസ്സുകൾ ഉൾപ്പെടെ 131 കേസ്സുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. 441 കേസ്സുകൾ ഇപ്പോൾ അന്വേഷണത്തിലാണ്.

(സി) ക്രൈംബ്രാഞ്ച് ആണ് അന്വേഷിക്കുന്നത്.

(ഡി) 19.6.'97 ലാണ് രജിസ്റ്റർ ചെയ്തത്.

(ഇ) സുരേന്ദ്രൻ, കിഷോർ, ഷാഫി, ബാനർജി, രാജൻ, വിനോദ്, രാജേഷ്, രാമദാസ്, ശാന്തൻ എന്നിവരാണ് എഫ്.ഐ.ആർ. അനുസരിച്ച് പ്രതികൾ.

(എഫ്) കേസ്സന്വേഷണം അന്തിമഘട്ടത്തിലാണ്.

18 (2203) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര-വയലാർ സമരം സ്വാതന്ത്ര്യസമരമായി കേന്ദ്ര സർക്കാർ എപ്പോഴാണ് അംഗീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly